# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/43/2018 2018 ഫെബ്രുവരി 27

## പത്രക്കുറിപ്പ്

**പരീക്ഷാ തീയതി**

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷകൾ മാർച്ച് 16ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകൾക്ക്, പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ മാർച്ച് 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷ സമർപ്പിക്കാം. സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന അപേക്ഷാഫോമിന്റെ വിലയായി 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി 20 രൂപ വീതവും (പരമാവധി 100 രൂപ) പരീക്ഷാഫീസിനു പുറമെ അടയ്ക്കണം. 2013 അഡ്മിഷൻ വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റ് ഫീസായി 25 രൂപയും അടയ്ക്കണം. 2015 അഡ്മിഷൻ വിദ്യാർത്ഥികളുടെ അപേക്ഷകൾ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും ഓൺലൈനായി സമർപ്പിക്കണം. 2013 & 2014 അഡ്മിഷൻ വിദ്യാർത്ഥികളുടെ അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

മാർച്ച് 1, 2, 3 തീയതികളിൽ തിരുവല്ല മാർത്തോമാ കോളേജിൽ വച്ച് നടത്താനിരുന്ന മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.എ. ഇംഗ്ലീഷ് 2017 ഡിസംബർ (പ്രൈവറ്റ് രജിസ്ട്രേഷൻ – റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ വൈവാവോസി മാർച്ച് 6, 7 തീയതികളിൽ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ അതേ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. ഈ പരീക്ഷയുടെ മറ്റു കേന്ദ്രങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള വൈവാവോസി പരീക്ഷകൾക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.ഫാം. സപ്ലിമെന്ററി ജനുവരി 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 28 മുതൽ മാർച്ച് 9 വരെ പുതുപ്പള്ളി ചെറുവാണ്ടൂർ ഡി.പി.എസ്. കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്.സി. സൈക്കോളജി പരീക്ഷ**

മൂന്നാം സെമസ്റ്റർ ബി.എ. സൈക്കോളജിയുടെയും ബി.എസ്.സി. സൈക്കോളജിയുടെയും (സി.ബി.സി.എസ്.എസ്. – 2013ന് മുമ്പുള്ള അഡ്മിഷൻ) പൊതു കോംപ്ലിമെന്ററി കോഴ്സ് ആയ സ്റ്റാറ്റിസ്റ്റിക്കൽ മെതേഡ്സ് ആന്റ് എലിമെന്ററി പ്രോബബിലിറ്റി എന്ന പേപ്പറിന്റെ പരീക്ഷ ഇന്ന് (ഫെബ്രുവരി 28) നടത്തുന്നതാണ്.

**പരീക്ഷാഫലം**

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്. ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ആക്ചൂറിയൽ സയൻസ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 13 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. അനിമേഷൻ ആന്റ് മൾട്ടിമീഡിയ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

**തണ്ണീർത്തട ശില്പശാല മാർച്ച് 7 മുതൽ 10 വരെ**

മഹാത്മാഗാന്ധി സർവ്വകലാശാലാ പരിസ്ഥിതി പഠനവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള ചതുർദിന സംസ്ഥാനതല ശില്പശാല മാർച്ച് 7ന് ആരംഭിക്കും. തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളുടെ പുനരവലോകനം, തണ്ണീർത്തടങ്ങളുടെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്ക്കരണം തുടങ്ങിയവയാണ് ശില്പശാലയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി വേമ്പനാട് കായലിന്റെ മലിനീകരണം, ഇതുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും പരിശീലന പ്രവർത്തനങ്ങളും നടത്തും. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, ഗവേഷകർ, അദ്ധ്യാപകർ തുടങ്ങിയവർക്ക് ശില്പശാലയിൽ പങ്കെടുക്കാം. രജിസ്ട്രേഷനും വിവരങ്ങൾക്കും http://bit.ly/vercmgu.

**എം.ജി.: ആഗോള ജൈവ സംഗമത്തിന് മാർച്ച് 15 വരെ രജിസ്റ്റർ ചെയ്യാം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന അന്തർസർവ്വകലാശാല സുസ്ഥിര ജൈവകൃഷി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 21 മുതൽ 24 വരെ നടത്തുന്ന ആഗോള ജൈവസംഗമത്തിനും പ്രദർശനത്തിനും മാർച്ച് 15 വരെ രജിസ്റ്റർ ചെയ്യാം.

ആഗോള ജൈവസംഗമത്തിന്റെ ഭാഗമായി സുസ്ഥിര ജൈവകൃഷിയിലെ നൂതന പ്രവണതകൾ എന്ന വിഷയത്തിൽ നടക്കുന്ന അന്താരാഷ്ട്ര സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാനും പ്രതിനിധിയാകാനും ഓൺലൈനായി www.isetofsa@mgu.ac.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. ശാസ്ത്രം, ആരോഗ്യം പരിസ്ഥിതി, സംസ്കാരം, മാദ്ധ്യമം, കർഷകർ, വാണിജ്യം എന്നീ മേഖലകളിലായി 44 ഉപവിഷയങ്ങളിൽ 5 വേദികളിലായി പ്രബന്ധാവതരണങ്ങളും ചർച്ചകളും നടക്കും. 200 പ്രബന്ധങ്ങൾക്കാണ് അവതരണാനുമതി ലഭിക്കുക. ഭക്ഷണം ഉൾപ്പെടെ രജിസ്ട്രേഷൻ ഫീസ് 3000 രൂപയാണ്. ഗവേഷക വിദ്യാർത്ഥികൾക്ക് 1500 രൂപയും ഇതര വിദ്യാർത്ഥികൾക്ക് 1000 രൂപയും വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്ന് നൽകാനുള്ള അനുമതിയും ലഭ്യമാക്കും. സെമിനാറിൽ പങ്കെടുക്കുന്നതിനായി കൃഷിഭവനിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുമായി അപേക്ഷിക്കുന്ന കർഷകർക്ക് 100 രൂപ നൽകിയാൽ മതി.

സംഗമത്തോടനുബന്ധിച്ച് ജൈവ കാർഷിക പ്രദർശനവും ഒരുക്കുന്നുണ്ട്. 100 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാളിന് 5000 രൂപയാണ് ഫീസ്. 110 സ്റ്റാളുകളാണ് ഉണ്ടാകുക. കൃഷിഭവനിൽ നിന്നോ കേരള ജൈവ കർഷകസമിതിയിൽ നിന്നോ സാക്ഷ്യപത്രം ഹാജരാക്കുന്ന കർഷകർക്ക് 500 രൂപ നൽകിയാൽ മതിയാകും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**